## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.215    01.04.2013- ൽ മറുപടിയ്ക്ക്

## 'മൃതസഞ്ജീവനി' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത്<br>" ഇ. ചന്ദ്രശേഖരൻ<br>" മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തുള്ള വൃക്ക രോഗികൾക്കു വേണ്ടി രൂപം നൽകിയ മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാൻ കഴിയാതെപോയതെന്ന് വ്യക്തമാക്കുമോ; | (എ) | മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | വൃക്കയുൾപ്പെടെയുള്ള അവയവങ്ങൾ ആവശ്യമായി വരുന്ന രോഗികൾക്ക് മസ്തിഷ്കമരണം സ്ഥിരീകരിക്കപ്പെട്ടവരിൽ നിന്നും ബന്ധുക്കളുടെ സമ്മതത്തോടെ അവയവങ്ങൾ ലഭ്യമാക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) വൃക്ക രോഗികൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും, എല്ലാ ജനറൽ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിലും കുറഞ്ഞ ചെലവിൽ ഡയാലിസിസ് നടത്തുന്നതിനുള്ള സംവിധാനം ലഭ്യമാണ്. കൂടാതെ വൃക്ക മാറ്റിവയ്ക്കേണ്ട ആവശ്യകതയുള്ളവർക്ക് അത് ലഭ്യമാകുന്നതുവരെ ഡയാലിസിസിനും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുമായി കാരുണ്യ സ്കീമിലൂടെ 2 ലക്ഷം രൂപയും, എസ്.എം.എ.പി. യിൽ നിന്നുള്ള ധനസഹായവും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ